നം.ICDS/PVR/617/2021

പേരാവൂർ ശിശുവികസന പദ്ധതി ഓഫീസറുടെ
കാര്യാലയം, പേരാവൂർ പി.ഒ., പേരാവൂർ 670673
ഫോൺ : 0490 2447299
ഇമെയിൽ : icdspvr@gmail.com
തീയതി : 21.11.2023

## പുനർദർഘാസ് പരസ്യം

വനിതാശിശുവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പേരാവൂർ ശിശുവികസന പദ്ധതി ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2023 നവംബർ മാസം മുതൽ 2024 ഡിസംബർ വരെയുള്ള 12 മാസത്തേയ്ക്ക് വാഹനം (കാർ/ജീപ്പ്) കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് ചുവടെ കാണിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവച്ച കവറിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

1.പ്രതിമാസം 800 കി.മീ. വരെ അനുവദിക്കാവുന്ന തുക 20,000 രൂ. (ഇരുപതിനായിരം രൂപ മാത്രം). ദർഘാസിൽ കരാർ തുക രേഖപ്പെടുത്തേണ്ടതാണ്.

2.ഇന്ധനചിലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ടാക്സ്, ഇൻഷ്വറൻസ്, തുടങ്ങിയ എല്ലാ ചിലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്, ഈ കാര്യാലയത്തിൽ നിന്നും വാഹന വാടക മാത്രം നൽകുന്നതാണ്.

3.വാഹനത്തിന് 7 വർഷത്തിൽ കൂടുതൽ പഴക്കം പാടില്ല, ടാക്സി പെർമിറ്റ് ഉൾപ്പടെ നിയമം അനുശാസിക്കുന്ന എല്ലാ രേഖകളും വാഹനത്തിന് ഉണ്ടായിരിക്കണം.

4.ദർഘാസ് ഫോറത്തിന്റെ വില 590/-രൂപ (18% ജിഎസ്ടി ഉൾപ്പടെ), ദർഘാസിനൊപ്പം അടങ്കൽ തുകയുടെ 1% ഇ.എം.ഡി. ഉണ്ടായിരിക്കണം. (അടങ്കൽ തുക 2,40,000/-രൂപ)

5.ദർഘാസ് അംഗീകരിച്ച് ലഭിക്കുന്ന വാഹന ഉടമ, അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതും, 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്.

6.ദർഘാസ് ഫോറം വിൽപന നടത്തുന്ന അവസാന തീയതി : 06.12.2023 (12 pm)
പൂരിപ്പിച്ച ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതി : 06.12.2023 (1 pm)
ദർഘാസ് തുറക്കുന്ന തീയതി : 06.12.2023 (2 pm)

നിലവിലെ സ്റ്റോർ പർച്ചേസ് മാനുവലിലെ എല്ലാ മാനദണ്ഡങ്ങളും ഈ ദർഘാസിനും ബാധകമാണ്.

ദർഘാസ് തുറക്കുന്നത് ദർഘാസിൽ പങ്കെടുക്കുന്നവരുടെയോ, അവർ അധികാരപ്പെടുത്തുന്ന ആളുടെയോ സാന്നിദ്ധ്യത്തിൽ ആയിരിക്കും. ഈ അവസരത്തിൽ ആരുടെയും സാന്നിദ്ധ്യം ഇല്ലാത്തപക്ഷം ദർഘാസ് നടപടികൾ നീട്ടിവെയ്ക്കുന്നതല്ല.

മുദ്രവച്ച ദർഘാസ് ഉള്ളടക്കം ചെയ്യുന്ന കവറിന്റെ പുറത്ത് ' കരാർ വാഹന ദർഘാസ് 2023-2024 ' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന പേരാവൂർ ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

ശിശുവികസന പദ്ധതി ഓഫീസർ
പേരാവൂർ-670 673